പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6173 31.10.2011-ൽ മറുപടിയ്ക്ക്

ചാരുംമൂട് മേഖലയിൽ വോൾട്ടേജ് ക്ഷാമം.

| ചോദ്യം<br>ശ്രീ. ആർ. രാജേഷ് : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ചാരുംമൂട് മേഖലയിലെ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) വേടരപ്ളാവ്, പേരൂർകാരാണ്മ പ്രദേശത്ത് ട്രാൻസ്ഫോർമർ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) വേടർപ്ളാവിൽ ട്രാൻസ്ഫോർമർ നിലവിലുണ്ട്. പേരൂർകാരാഴ്മയിൽ ട്രാൻസ്ഫോർമർ നിലവിലില്ല. പേരൂർകാരാഴ്മയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 450 മീ. 11 കെ. വി ലൈൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി 2009-10-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രാരംഭഘട്ടത്തിൽ തന്നെ ഈ പ്രവൃത്തികൾക്ക് കല്ലട ഇറിഗേഷൻ പ്രോജക്ടിൽ നിന്നും തടസ്സം നേരിട്ടിരുന്നു. പുതിയ റൂട്ട് സർവ്വേ നടത്തുവാനുള്ള ശ്രമവും പൂർണ്ണമായി തടസ്സപ്പെട്ട സാഹചര്യത്തിൽ കെ. ഐ. പി. കനാൽ വഴി ലൈൻ വലിക്കാനുള്ള പഴയ പ്രൊപ്പോസൽ തടസ്സം നീക്കി കിട്ടുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.<br>മേൽപ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കുന്നതിനായി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റി താൽക്കാലികമായി പ്രശ്നം പരിഹരിച്ചിട്ടുണ്ട്. |

(സി) ചാരുംമൂട്ടിൽ കെ. എസ്. ഇ. ബി. ആഫീസ് സമുച്ചയം പണിയുന്നതിനായി ഏറ്റെടുത്ത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി പണിയാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ, എത്ര വീടുകൾ ബാക്കിയുണ്ട് ; പഞ്ചായത്തടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമാക്കുമോ ;

(എഫ്) സമ്പൂർണ്ണ വൈദ്യുതീകരണം എന്ന് പൂർത്തികരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ജി) മാവേലിക്കര മോഡൽ ഇലക്ട്രിസിറ്റി സെക്ഷനിലെ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

(സി) ഇല്ല. പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) (ഇ) & (എഫ്) 20-02-2011-ൽ മാവേലിക്കര മണ്ഡലം ഉൾപ്പെടെ ആലപ്പുഴ ജില്ലയിലെ എല്ലാ മണ്ഡലങ്ങളും സമ്പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുണ്ട്. ബോർഡ് പുതുക്കി നിശ്ചയിച്ചിട്ടുള്ള ടാർജറ്റ് തീയതിയായ 31-03-2011 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കണക്ഷനുകളും നൽകിയിട്ടുണ്ട്. അതിനുശേഷം രജിസ്റ്റർ ചെയ്തവരുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ജി) ഇല്ല. ബാധകമല്ല.

സെക്ഷൻ ഓഫീസർ.

ചോദ്യം നമ്പർ 6173 അനുബന്ധം

| പഞ്ചായത്തിന്റെ പേര് | നൽകാനുള്ള കണക്ഷനുകളുടെ എണ്ണം |
|---|---|
| ചുനക്കര | 8 |
| താമരക്കുളം | 10 |
| നൂറനാട് | 18 |
| പാലമേൽ | 16 |
| തഴക്കര | 15 |
| തെക്കേക്കര | 18 |
| വള്ളികുന്നം | 20 |
| മാവേലിക്കര മുനിസിപ്പാലിറ്റി. | 23 |
| | 128 |

സെക്ഷൻ ഓഫീസർ